**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1973** **29-07-2021 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ഇ .ബി- മസ്ദൂർ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ എസ് ഇ ബി യുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മസ്ദൂർ ഉൾപ്പെടെ ഉള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കെ.എസ്.ഇ.ബി.ലിമിറ്റഡിൽ മസ്ദൂർ തസ്തികയിലേയ്ക്ക് 15.12.2004-ലെ പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ നിയമിച്ച 1486 പെറ്റി കോൺട്രാക്ടർമാരിൽ ഭൂരിഭാഗം പേരേയും സൂപ്പർ ന്യൂമററി ആയിട്ടാണ് നിയമിച്ചിട്ടുള്ളത്. പ്രസ്തുത നിയമന സമയത്ത് 165 ഒഴിവുകൾ മാത്രമാണ് മസ്ദൂർ തസ്തികയിൽ ഉണ്ടായിരുന്നത്. എന്നിരുന്നാലും വിവിധ കോടതി വിധികളുടെ അനുസരണാർത്ഥം ഒഴിവുകളുടെ അഭാവത്തിൽ ബാക്കിയുള്ള 1321 പേരെ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾകൂടി കണക്കിലെടുത്ത് സൂപ്പർ ന്യൂമററി ആയിട്ടാണ് നിയമിക്കപ്പെട്ടത്. പ്രസ്തുത നിയമന തീയതിക്കു ശേഷം ഇറങ്ങിയ പ്രമോഷൻ ഉത്തരവുകൾ വഴി ഉണ്ടായ മസ്ദൂർ തസ്തികയിലെ ഒഴിവുകളിൽ ഭൂരിഭാഗം പേരേയും ഉൾകൊണ്ടെങ്കിലും നിലവിൽ 132 മസ്ദൂർമാർ കെ.എസ്.ഇ.ബി.ലിമിറ്റഡിൽ അനുവദനീയമായ എണ്ണത്തിലുപരി ജോലി ചെയ്തുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി.ലിമിറ്റഡിൽ സി.ഇ.എ. റെഗുലേഷൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് യോഗ്യതാ പുനർനിർണ്ണയം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ മസ്ദൂർ തസ്തികയിൽ നിന്നും ഉയർന്ന തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാൻ നിലവിൽ നിർവ്വാഹമില്ല. അതിലുപരി കെ.എസ്.ഇ.ബി.ലിമിറ്റഡിൽ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഓരോ വിഭാഗത്തിന്റേയും ഘടന പുനർനിർണ്ണയം സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതേതുടർന്ന് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ പുനസംഘടന |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് വിശദമായ ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഇതിനെ സംബന്ധിച്ച് തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ആവശ്യമായ തസ്തികകൾ, ഇവയിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം എന്നിവ തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. കൂടാതെ കെ.എസ്.ഇ.ബി.ലിമിറ്റഡിലെ പി.എസ്.സി നിയമനങ്ങൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള നിയമനങ്ങളെ സംബന്ധിക്കുന്ന പൊതുവായ സവിശേഷ ചട്ടങ്ങൾ (Special Rules) രൂപവത്ക്കരിക്കുന്നതിലേയ്ക്കായി ഒരു ഉന്നതതല കമ്മിറ്റി ബോർഡ് രൂപീകരിക്കുകയും ഈ കമ്മിറ്റി സമർപ്പിച്ച പൊതുവായ സവിശേഷ ചട്ടങ്ങളുടെ കരട് കൂടുതൽ ചർച്ചകൾക്കും അംഗീകൃത തൊഴിലാളി, ഓഫീസേഴ്സ് സംഘടനകളുടെ നിർദ്ദേശങ്ങൾക്കുമായി നൽകിയിരിക്കുകയാണ്. മേൽ പ്രതിപാദിച്ച വിഷയങ്ങളിൽ തീരുമാനമാകുന്ന മുറയ്ക്ക് മസ്ദൂർ ഉൾപ്പെടെയുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പി. എസ്. സി. വഴി മസ്ദൂർ നിയമനം ഇപ്പോൾ നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കെ.എസ്.ഇ.ബി.ലിമിറ്റഡിൽ മസ്ദൂർ തസ്തികയിലേയ്ക്ക് 15.12.2004-ലെ പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ നിയമിച്ച 1486 പെറ്റി കോൺട്രാക്ടർമാരിൽ ഭൂരിഭാഗം പേരേയും സൂപ്പർ ന്യൂമററി ആയിട്ടാണ് നിയമിച്ചിട്ടുള്ളത്. പ്രസ്തുത നിയമന സമയത്ത് 165 ഒഴിവുകൾ മാത്രമാണ് മസ്ദൂർ തസ്തികയിൽ ഉണ്ടായിരുന്നത്. എന്നിരുന്നാലും വിവിധ കോടതി വിധികളുടെ അനുസരണാർത്ഥം ഒഴിവുകളുടെ അഭാവത്തിൽ ബാക്കിയുള്ള 1321 പേരെ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾകൂടി കണക്കിലെടുത്ത് സൂപ്പർ ന്യൂമററി ആയിട്ടാണ് നിയമിക്കപ്പെട്ടത്. പ്രസ്തുത നിയമന തീയതിക്കു ശേഷം ഇറങ്ങിയ പ്രമോഷൻ ഉത്തരവുകൾ വഴി ഉണ്ടായ മസ്ദൂർ തസ്തികയിലെ ഒഴിവുകളിൽ ഭൂരിഭാഗം പേരേയും ഉൾകൊണ്ടെങ്കിലും നിലവിൽ 132 മസ്ദൂർമാർ കെ.എസ്.ഇ.ബി.ലിമിറ്റഡിൽ അനുവദനീയമായ എണ്ണത്തിലുപരി ജോലി ചെയ്തുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി.ലിമിറ്റഡിൽ സി.ഇ.എ. റെഗുലേഷൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് യോഗ്യതാ പുനർനിർണ്ണയം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ മസ്ദൂർ തസ്തികയിൽ നിന്നും ഉയർന്ന തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാൻ നിലവിൽ നിർവ്വാഹമില്ല. അതിലുപരി കെ.എസ്.ഇ.ബി.ലിമിറ്റഡിൽ സേവനം കൂടുതൽ |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമാക്കുന്നതിന് ഓരോ വിഭാഗത്തിന്റേയും ഘടന പുനർനിർണ്ണയം സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതേതുടർന്ന് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ പുനസംഘടന സംബന്ധിച്ച് വിശദമായ ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഇതിനെ സംബന്ധിച്ച് തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ആവശ്യമായ തസ്തികകൾ, ഇവയിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം എന്നിവ തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. കൂടാതെ കെ.എസ്.ഇ.ബി.ലിമിറ്റഡിലെ പി.എസ്.സി നിയമനങ്ങൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള നിയമനങ്ങളെ സംബന്ധിക്കുന്ന പൊതുവായ സവിശേഷ ചട്ടങ്ങൾ (Special Rules) രൂപവത്ക്കരിക്കുന്നതിലേയ്ക്കായി ഒരു ഉന്നതതല കമ്മിറ്റി ബോർഡ് രൂപീകരിക്കുകയും ഈ കമ്മിറ്റി സമർപ്പിച്ച പൊതുവായ സവിശേഷ ചട്ടങ്ങളുടെ കരട് കൂടുതൽ ചർച്ചകൾക്കും അംഗീകൃത തൊഴിലാളി, ഓഫീസേഴ്സ് സംഘടനകളുടെ നിർദ്ദേശങ്ങൾക്കുമായി നൽകിയിരിക്കുകയാണ്. മേൽ പ്രതിപാദിച്ച വിഷയങ്ങളിൽ തീരുമാനമാകുന്ന മുറയ്ക്ക് മസ്ദൂർ ഉൾപ്പെടെയുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പി. എസ്. സി. വഴി മസ്ദൂർ നിയമനം നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | കെ.എസ്.ഇ.ബി.ലിമിറ്റഡിൽ മസ്ദൂർ തസ്തികയിലേയ്ക്ക് 15.12.2004-ലെ പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ നിയമിച്ച 1486 പെറ്റി കോൺട്രാക്ടർമാരിൽ ഭൂരിഭാഗം പേരേയും സൂപ്പർ ന്യൂമററി ആയിട്ടാണ് നിയമിച്ചിട്ടുള്ളത്. പ്രസ്തുത നിയമന സമയത്ത് 165 ഒഴിവുകൾ മാത്രമാണ് മസ്ദൂർ തസ്തികയിൽ ഉണ്ടായിരുന്നത്. എന്നിരുന്നാലും വിവിധ കോടതി വിധികളുടെ അനുസരണാർത്ഥം ഒഴിവുകളുടെ അഭാവത്തിൽ ബാക്കിയുള്ള 1321 പേരെ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾകൂടി കണക്കിലെടുത്ത് സൂപ്പർ ന്യൂമററി ആയിട്ടാണ് നിയമിക്കപ്പെട്ടത്. പ്രസ്തുത നിയമന തീയതിക്കു ശേഷം ഇറങ്ങിയ പ്രമോഷൻ ഉത്തരവുകൾ വഴി ഉണ്ടായ മസ്ദൂർ തസ്തികയിലെ ഒഴിവുകളിൽ ഭൂരിഭാഗം പേരേയും ഉൾകൊണ്ടെങ്കിലും നിലവിൽ 132 മസ്ദൂർമാർ കെ.എസ്.ഇ.ബി.ലിമിറ്റഡിൽ അനുവദനീയമായ എണ്ണത്തിലുപരി ജോലി ചെയ്തുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി.ലിമിറ്റഡിൽ സി.ഇ.എ. റെഗുലേഷൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | യോഗ്യതാ പുനർനിർണ്ണയം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ മസ്ദൂർ തസ്തികയിൽ നിന്നും ഉയർന്ന തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാൻ നിലവിൽ നിർവ്വാഹമില്ല. അതിലുപരി കെ.എസ്.ഇ.ബി.ലിമിറ്റഡിൽ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഓരോ വിഭാഗത്തിന്റേയും ഘടന പുനർനിർണ്ണയം സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതേതുടർന്ന് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ പുനസംഘടന സംബന്ധിച്ച് വിശദമായ ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഇതിനെ സംബന്ധിച്ച് തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ആവശ്യമായ തസ്തികകൾ, ഇവയിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം എന്നിവ തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളു. കൂടാതെ കെ.എസ്.ഇ.ബി.ലിമിറ്റഡിലെ പി.എസ്.സി നിയമനങ്ങൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള നിയമനങ്ങളെ സംബന്ധിക്കുന്ന പൊതുവായ സവിശേഷ ചട്ടങ്ങൾ (Special Rules) രൂപവത്ക്കരിക്കുന്നതിലേയ്ക്കായി ഒരു ഉന്നതതല കമ്മിറ്റി ബോർഡ് രൂപീകരിക്കുകയും ഈ കമ്മിറ്റി സമർപ്പിച്ച പൊതുവായ സവിശേഷ ചട്ടങ്ങളുടെ കരട് കൂടുതൽ ചർച്ചകൾക്കും അംഗീകൃത തൊഴിലാളി, ഓഫീസേഴ്സ് സംഘടനകളുടെ നിർദ്ദേശങ്ങൾക്കുമായി നൽകിയിരിക്കുകയാണ്. മേൽ പ്രതിപാദിച്ച വിഷയങ്ങളിൽ തീരുമാനമാകുന്ന മുറയ്ക്ക് മസ്ദൂർ ഉൾപ്പെടെയുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ